## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1603 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗനവാടി ജീവനക്കാരുടെ ഓണറേറിയം** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. കെ. ദാസൻ | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ടോ; എന്ന് മുതൽ വർദ്ധിപ്പിച്ചു; എത്ര രൂപയായി വർദ്ധിപ്പിച്ചു; | (എ) അംഗൻവാടി വർക്കർമാർക്ക് കേന്ദ്ര സർക്കാർ നൽകി വരുന്ന ഓണറേറിയം 1500/- രൂപയിൽ നിന്നും 3000/- രൂപയായും, ഹെൽപ്പർമാർക്ക് നൽകി വരുന്ന ഓണറേറിയം 750/- രൂപയിൽ നിന്നും 1500/- രൂപയായും 1.4.2011 മുതൽ പ്രാബല്യം നൽകി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളത് സംസ്ഥാനത്ത് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 550/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിക്കുകയും പ്രസ്തുത വർദ്ധനവിന് 2011 ഓഗസ്റ്റ് മാസം മുതൽ പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) വർദ്ധിപ്പിച്ച ഓണറേറിയം മാസങ്ങൾ കഴിഞ്ഞിട്ടും ജീവനക്കാർക്ക് ഇനിയും ലഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് എന്ത് നടപടി സ്വീകരിച്ചു; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) വർദ്ധിപ്പിച്ച ഓണറേറിയം എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ